"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

വനം വന്യജീവി വകുപ്പ് - ബഹു. സുപ്രീം കോടതിയുടെ 03.06.2022-ലെ ഉത്തരവിന്റെ വെളിച്ചത്തിൽ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ Cadastral Mapping ചെയ്യുന്നത് - കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആന്റ് എൻവയോൺമെന്റ് സെന്ററുമായി(KSREC) ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി(ഡി) വകുപ്പ്

സ.ഉ.(സാധാ) നം.282/2022/F&WLD തീയതി,തിരുവനന്തപുരം, 05-07-2022

---

പരാമർശം:-

1. ടി.എൻ ഗോദവർമ്മൻ തിരുമുൽപാട് കേസിൽ (WP(C) നമ്പർ 202/95, ഐ.എ നമ്പർ 1000/2003) 03.06.2022 തീയതിയിലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ്
2. 08.06.2022-ൽ ബഹു. വനം വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം
3. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 17.06.2022-ലെ WL3-23824/2012 നമ്പർ കത്ത്

## ഉത്തരവ്

ബഹു.സുപ്രീം കോടതിയുടെ 03-06-2022-ലെ IA-1000/2003 നമ്പർ കേസിലെ വിധി പ്രകാരം ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും നിശ്ചയിക്കപ്പെട്ട അതിരിൽ നിന്നും കുറഞ്ഞത് ഒരു കിലോ മീറ്റർ പരിധി വരെ ഇക്കോ സെൻസിറ്റീവ് സോണായി (ESZ) ഉണ്ടാകണമെന്നും ടി ഉത്തരവിലെ ഖണ്ഡിക 44(സി) പ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട്, ഉപഗ്രഹ ചിത്രങ്ങൾ, ഡ്രോണുകൾ എന്നിവ ഉപയോഗിച്ചുകൊണ്ട് ശേഖരിക്കുന്നതിനും, ടി വിവരങ്ങൾ പ്രസ്തുത ഉത്തരവ് നിലവിൽ വന്ന് മൂന്ന് മാസങ്ങൾക്കുള്ളിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ബഹു. സുപ്രീം കോടതിയിൽ സമർപ്പിക്കുന്നതിനും നിർദ്ദേശിക്കുന്നുണ്ട്.

ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹു.വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, ബഹു. സുപ്രീം കോടതിയുടെ വിധിയിൽ നിർദ്ദേശിക്കുന്ന പ്രകാരം, സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ, വിവിധ സർക്കാർ ഏജൻസികളുടെ സഹായം തേടിക്കൊണ്ട്

ശേഖരിക്കുന്നതിന് തീരുമാനിച്ചു.

ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ച ശേഷം, ജനവാസ കേന്ദ്രങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ ആശുപത്രികൾ, കൃഷിസ്ഥലങ്ങൾ, തോട്ടങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള, കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്ററുമായി (KSREC), ധാരണ പത്രത്തിൽ ഏർപ്പെടുന്നതിന് 13-06-2022-ൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ടി സ്ഥാപനത്തിന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ കത്ത് നൽകുകയും, KSREC 16-06-2022-ൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് .

തുടർന്ന് സൂചന-3 പ്രകാരം, ടി പ്രൊജക്റ്റ് പ്രൊപോസൽ അംഗീകരിക്കാനും ആയതിനായുള്ള 68.31 ലക്ഷം രൂപ Budget Head: 4406-01-101-99-(Survey of Boundaries & Forest Protection)-(01) എന്ന ശീർഷകത്തിൽ നിന്നും ഉപയോഗിക്കുന്നതിനും KSREC യുമായി ധാരണാപത്രത്തിൽ ഏർപ്പെടുവാനും അനുവാദം നൽകുവാനായി ചീഫ് വൈൽഡ് ലൈഫ് വാർഡൻ ആവശ്യപ്പെട്ടിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ, ഒരു കിലോമീറ്റർ ESZ- ൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ cadastral mapping-നായി കേരള സംസ്ഥാന റിമോർട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്റർ സമർപ്പിച്ച പ്രൊപോസൽ അംഗീകരിച്ചുകൊണ്ടും, ടി സ്ഥാപനവുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിനു പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡനെ അനുവദിച്ചുകൊണ്ടും സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ജോയിന്റ് സെക്രട്ടറി

അഡ്വ. ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന റിമോട്ട് സെൻസിങ് ആൻറ് എൻവയോൺമെൻറ് സെന്റർ (KSREC),

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.

കരുതൽ ശേഖരം / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shiju P Paul**

**Date: 05-07-2022 12:01:07**

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.വനം വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്